**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- വെള്ളറട ഗ്രാമപഞ്ചായത്തിൽ വെള്ളറട വില്ലേജിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ഓയിൽ കോർപറേഷൻ ലിമിറ്റഡിൻറെ പെട്രോൾ പമ്പ് നിർമ്മാണം- ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.12.2020 ലെ എ 3.5686/20 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPTVM/37/2021-D തീയതി 21/01/2021**

വെള്ളറട ഗ്രാമപഞ്ചായത്തിൽ വെള്ളറട വില്ലേജിൽ Resurvey നമ്പർ 282 /20 , 282 / 14 -1 ( 282 / 14 - 4 ) ഉൾപ്പെട്ട 10.13 ആർ വസ്തുവിൽ Canopy 192 sq.m, Sales building _ 34.98 sq.m, Toilet block- 9.20 sq.m എന്നിവ ഉൾപ്പെടെ 236.18 sq. m ടോട്ടൽ പ്ലിന്ത് ഏരിയ ഉള്ള ഹിന്ദുസ്ഥാൻ പെട്രോളിയം ഓയിൽ കോർപറേഷൻ ലിമിറ്റഡിൻറെ പെട്രോൾ പമ്പിന് ലേഔട്ട് അംഗീകാരത്തിനായി ശ്രീ മോഹൻ.എസ് സമർപ്പിച്ച അപേക്ഷയ്ക്ക് താഴെ പറയുന്ന നിബന്ധനകളോടെ ലേ ഔട്ട് അംഗീകാരം നൽകുന്നു.

**നിബന്ധനകൾ**

1. നിർമാണം കെ.പി.ബി.ആർ.2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്
7. നിർമാണം കെ.പി.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
8. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കരുത്.
10. കെ.പി.ബി.ആർ 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
11. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
12. KPBR -2019 , Rule 34 .ലെ എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കണം.(Including toilet for

disabled persons)

13. District Collector ൽ നിന്ന് NOC ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
14. Entry, Exit എന്നിവ പ്ലാനിൽ കാണിച്ചിട്ടുള്ളതുപോലെ വെള്ളറട – നെട്ട റോഡിൽ നിന്ന് മാത്രം പരിമിതപ്പെടുത്തേണ്ടതാണ്.
15. സൈറ്റിൽ നിലവിലുള്ള കട , നിർമ്മാണം തുടങ്ങുന്നതിനു മുൻപ് പൊളിച്ചു മാറ്റേണ്ടതാണ്.
16. Liquid waste management treatment plant, Solid waste disposal pit etc, PWD road അതിരിൽ നിന്നും മിനിമം 3m അകലത്തിൽ നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**04/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
വെള്ളറട ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)

ശ്രീ മോഹൻ. എസ്
സുകുമാരവിലാസം ബംഗ്ലാവ്
ആറാട്ടുകുഴി
കുതാളി പി.ഒ